# പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

(ഹാജർ - കെ. ശ്രീനിവാസ്)

വിഷയം - പൊതു വിദ്യാഭ്യാസം - ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തിയ പ്രൈമറി ഹെഡ്മാസ്റ്റർമാരെ പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന - ഈ കാര്യാലയത്തിലെ 8-11-16 തിയ്യതിയിലെ എ2/2588/16 നമ്പർ നടപടിക്രമ ഉത്തരവ്.

---

**ഉത്തരവ് നമ്പർ.എ2/2588/16 തിയ്യതി - 26-11-16**

---

2010-11 മുതൽ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളുകളാക്കി ഉയർത്തിയതിനെ തുടർന്ന് യു.പി. സ്കൂളുകളിൽ നിലനിന്നിരുന്ന . ഹെഡ്മാസ്റ്റർ തസ്തിക നിർത്തലാക്കി സർക്കാർ ഉത്തരവാക്കിയിരുന്നു. ഇത്തരത്തിൽ നിർത്തലാക്കിയ തസ്തികകളിൽ സേവനം അനുഷ്ഠിച്ചു വരുന്ന പ്രൈമറി ഹെഡ്മാസ്റ്റർമാരെ നിലവിൽ ഒഴിവുകളുള്ള വിദ്യാലയങ്ങളിലേയ്ക്ക് സൂചന (1) പ്രകാരം പുനർവിന്യാസം നൽകി ഉത്തരവാക്കിയിരുന്നു.

താഴെ പറയുന്ന ആർ.എം.എസ്.എ. സ്കൂളുകളിൽ നിലവിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഈ സാഹചര്യത്തിൽ സൂചന (1)ലെ ഉത്തരവിൽ ക്രമ നമ്പർ.15, 16, 17 എന്നീ പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ പുനർവിന്യാസം റദ്ദു ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ബന്ധപ്പെട്ട പ്രൈമറി ഹെഡ്മാസ്റ്റർമാർ ഉത്തരവ് കൈപ്പറ്റിയ ഉടൻ ജോലിയിൽ പ്രവേശിക്കേണ്ടതും പ്രവേശന/വിടുതൽ റിപ്പോർട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ യഥാസമയം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

| ക്രമ നമ്പർ | അദ്ധ്യാപകരുടെ പേരും തസ്തികയും, ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും | ജോലിയിൽ പ്രവേശിക്കാൻ അനുമതി നൽകിയ വിദ്യാലയത്തിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | നാരായണൻകുട്ടി. കെ. എം<br>പ്രൈമറി ഹെഡ്മാസ്റ്റർ<br>ജി. എൽ. പി. എസ്. വീശലം | ജി. എസ്. ബി. എസ്. ആകലൂർ | |
| 2 | അബ്ദുൾ റഹ്മാൻ. എ. കെ<br>പ്രൈമറി ഹെഡ്മാസ്റ്റർ<br>ജി. എൽ. പി. എസ്. വേങ്ങോടി | ജിയുപിഎസ്. മാണിക്കപറമ്പ് | |
| 3 | രാധാകൃഷ്ണൻ. കെ.<br>പ്രൈമറി ഹെഡ്മാസ്റ്റർ<br>ജി. എൽ. പി. എസ്. വാക്കടപ്പുറം | ജി. യു. പി. എസ്. നൊച്ചുള്ളി | |

വിദ്യാഭ്യാസ ഉപഡയറക്ടർ
പാലക്കാട്
K. Srinivas
26-11-2016

സ്വീകർത്താവ്

1) ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക്
2) ബന്ധപ്പെട്ട പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക്
3) വെബ്സൈറ്റ് (ddepalakkadwordpress.com)
4) കരുതൽ ഫയൽ

എസ്. ആർ 26-11-16-4